Scattered

Government of Kerala
കേരള സർക്കാർ
1999

Reg. No. KL/TV(N)/12
രജി. നമ്പർ

KERALA GAZETTE
കേരള ഗസററ്
EXTRAORDINARY
അസാധാരണം
PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. XLIV
വാല്യം 44

Thiruvananthapuram, Tuesday
തിരുവനന്തപുരം, ചൊവ്വ

4th May 1999
1999 മേയ് 4

14th Vaisukha 1921
1921 വൈശാഖം 14

No. 809
നമ്പർ

കേരള സർക്കാർ

തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

വിജ്ഞാപനം

സർക്കാർ ഉത്തരവ് നമ്പർ (പി) 56/99/തൊഴിൽ. 1999 മേയ് 4.

എസ്. ആർ. ഒ. നമ്പർ 386/99.—1978-ലെ കേരള ചുമട്ടു തൊഴിലാളി നിയമം (1980-ലെ 20), 13-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 1998 ജൂലായ് 14-ാം തീയതിയിലെ 28-ാം നമ്പർ കേരള ഗസററിൽ I-ാം ഭാഗത്ത് 164 മുതൽ 191 വരെ വശങ്ങളിൽ പ്രസിദ്ധീകരിച്ച 1998 ജൂൺ 17-ാം തീയതിയിലെ 25919/എച്ച്3/96/തൊഴിൽ എന്ന നമ്പർ വിജ്ഞാപന പ്രകാരം ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷം കേരള ഡർക്കാർ, ഇതിനാൽ സംസ്ഥാനത്തെ സ്കാറേറർഡ് വിഭാഗം ചുമട്ടുതൊഴിലാളികൾക്കായി താഴെ പറയുന്ന പദ്ധതിയുണ്ടാക്കുന്നു, അതായത് :—

33/2291/99/V.

പദ്ധതി

അദ്ധ്യായം-I

പ്രാഥമികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് "1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറേറർഡ് വിഭാഗം) ക്ഷേമ പദ്ധതി" എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനമൊട്ടാകെ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ ഒരു ഗസററ് വിജ്ഞാപനം മുഖേന നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. 2/10/99

2. ബാധകത.—ഈ പദ്ധതി 1983-ലെ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിപ്രകാരം കമ്മിററിയിൽ രജിസ്ററർ ചെയ്ത് ക്രമീകരണ-ക്ഷേമ സംവിധാനത്തിൽ ഉൾപ്പെടാത്തവരും 1995-ലെ കേരള ചുമട്ടുതൊഴിലാളി (അററാച്ച്ഡ് വിഭാഗം) ക്ഷേമ പദ്ധതിയുടെ പരിധിയിൽപ്പെടാത്തവരും, ആക്ട് 2 വകുപ്പിൽ എം ഖണ്ഡത്തിൽ വിവക്ഷിക്കപ്പെടുന്ന കയററിറക്ക് ജോലികളിൽ ഏർപ്പെട്ടിട്ടുള്ളവരുമായ സംസ്ഥാനത്തെ എല്ലാ ചുമട്ടുതൊഴിലാളികൾക്കും ബാധകമാകുന്നതാണ്.

3. നിർവചനങ്ങൾ.—(1) ഈ പദ്ധതിയിൽ സന്ദർഭം മററ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,

(എ) "ആക്ട്" എന്നാൽ 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്ട് (1980-ലെ 20) എന്നർത്ഥമാകുന്നു ;

(ബി) "ബോർഡ്" എന്നാൽ ആക്ടിലെ 14-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട കേരള ചുമട്ടുതൊളിലാളി ക്ഷേമ ബോർഡ് എന്ന് അർത്ഥമാകുന്നു ;

(സി) "ചീഫ് എക്സിക്യൂട്ടീവ്" എന്നാൽ 1981-ലെ കേരള ചുമട്ടുതൊഴിലാളി ചട്ടങ്ങളിലെ 15-ാം ചട്ടപ്രകാരം നിയമിക്കുന്ന ചീഫ് എക്സിക്യൂട്ടീവ് എന്നർത്ഥമാകുന്നു ;

(ഡി) "കമ്മിററി" എന്നാൽ ആക്ട് 18-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഒരു കമ്മിററി എന്നർത്ഥമാകുന്നു ;

(ഇ) "കമ്മിററി ചെയർമാൻ", "കൺവീനർ" എന്നാൽ ആക്ട് 18-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട കമ്മിററിയുടെ ചെയർമാൻ, കൺവീനർ എന്നർത്ഥമാകുന്നു ;

(എഫ്) "തൊഴിൽ ദായകൻ" എന്നാൽ ഏതെങ്കിലും തൊഴിൽ അല്ലെങ്കിൽ വ്യാപാര-ബിസിനസ് കാര്യങ്ങൾക്കോ അതുമായി ബന്ധപ്പെട്ട മററാവശ്യങ്ങൾക്കോ പ്രത്യക്ഷമായോ, പരോക്ഷമായോ ചുമട്ടുതൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തുന്ന ഏതെങ്കിലും ആളോ, ഏജൻറോ, കരാറുകാരനോ, സ്ഥാപനമോ എന്ന് അർത്ഥമാകുന്നു ;

(ജി) "ഫൈനാൻസ് ഓഫീസർ", "സെക്രട്ടറി" എന്നാൽ ബോർഡിലെ ആ തസ്തികകളിലേക്ക് സർക്കാർ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥർ എന്ന് അർത്ഥമാകുന്നു ;

(എച്ച്) "ഫോറം" എന്നാൽ ഇ പദ്ധതിയുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം എന്നർത്ഥമാകുന്നു ;

(ഐ) "നിധി" എന്നാൽ ഈ പദ്ധതിയുടെ ഖണ്ഡിക 4 പ്രകാരം രൂപീകരിക്കപ്പെടുന്ന "കേരള ചുമട്ടുതൊഴിലാളി (സ്കാറേറർഡ് വിഭാഗം) ക്ഷേമനിധി" എന്നർത്ഥമാകുന്നു ;

(ജെ) "പദ്ധതി" എന്നാൽ 1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറേറർഡ് വിഭാഗം) ക്ഷേമപദ്ധതി എന്നർത്ഥമാകുന്നു ;

(കെ) "ചട്ടങ്ങൾ" എന്നാൽ 1981-ലെ കേരള ചുമട്ടുതൊഴിലാളി ചട്ടങ്ങൾ എന്നർത്ഥമാകുന്നു ;

(എൽ) "അംഗം" എന്നാൽ ഈ പദ്ധതിപ്രകാരം നിധിയിലേക്ക് അംശദായം നൽകുന്ന വരിക്കാരനായ ഒരു ചുമട്ടുതൊഴിലാളി എന്ന് അർത്ഥമാകുന്നു ;

(എം) "ഡി ആൻറ് ഒ ട്രേഡ് ലൈസൻസ്" എന്നാൽ 1994-ലെ കേരള മുനിസിപ്പാലിററി ആക്ട് അനുസരിച്ചോ, 1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ട് അനുസരിച്ചോ ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകുന്നതിനുള്ള ചട്ടങ്ങൾപ്രകാരം നൽകപ്പെടുന്ന ലൈസൻസ് എന്നർത്ഥമാകുന്നു.

(2) ഈ പദ്ധതിയിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതും, പക്ഷേ ആക്ടിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്ടിൽ നൽകിയിട്ടുള്ള അർത്ഥങ്ങൾ തന്നെ ഉണ്ടായിരിക്കുന്നതാണ്.

അദ്ധ്യായം-2

ക്ഷേമനിധിയും ബോർഡും

4. **കേരള ചുമട്ടുതൊഴിലാളി (സ്കാറേറർഡ് വിഭാഗം) ക്ഷേമനിധി.**—(1) ബോർഡ് ഈ പദ്ധതിയുടെ ആരംഭത്തിലും അതു മുതൽക്കും "കേരള ചുമട്ടുതൊഴിലാളി (സ്കാറേറർഡ് വിഭാഗം) ക്ഷേമനിധി" എന്ന പേരിൽ ഒരു ക്ഷേമനിധി രൂപീകരിച്ച് നിലനിർത്തേണ്ടതാണ്.

(2) നിധിയിൽ താഴെപ്പറയുന്ന വരവുകൾ കൊള്ളിക്കേണ്ടതാണ്, അതായത് :—

(i) 12-ം 13-ം 14-ം ഖണ്ഡികകൾ പ്രകാരമുള്ള അംശദായം ;

(ii) ഭാരത സർക്കാരോ സംസ്ഥാന സർക്കാരോ ഏതെങ്കിലും സ്ഥാപനങ്ങളോ നൽകിയ ഗ്രാൻറുകളും, വായ്പകളും ;

(iii) പദ്ധതിപ്രകാരം ചുമത്തിയ ഫീസുകൾ ;

(iv) പദ്ധതിയിലെ വ്യവസ്ഥകൾപ്രകാരം അംഗങ്ങളിൽ നിന്നോ, തൊഴിൽദായകരിൽ നിന്നോ ഈടാക്കുന്ന മറ്റേതെങ്കിലും തുക.

5. ബോർഡിൻെറ അധികാരങ്ങളും ചുമതലകളും പ്രവർത്തനങ്ങളും.—(1) താഴെ പറയുന്നവ ബോർഡിൻെറ അധികാരങ്ങളും ചുമതലകളും ആയിരിക്കുന്നതാണ്, അതായത് :—

(എ) ഈ പദ്ധതിയിൽ പ്രതിപാദിച്ചിരിക്കുന്ന നിധിയുടെ നടത്തിപ്പിനാധാരമായ എല്ലാ കാര്യങ്ങളും ;

(ബി) നിധിയിലക്കുള്ള തൊഴിലാളികളുടെ രജിസ്ട്രേഷൻ ;

(സി) കാലാകാലങ്ങളിൽ സർക്കാരിൻെറ നിർദ്ദേശാനുസരണം നിധിയുടെ വിനിയോഗത്തെ സംബന്ധിച്ചുള്ള പൊതുവായ നയ ആവിഷ്ക്കരണം ;

(ഡി) സർക്കാരിൻെറ അനുവാദത്തിനായി വാർഷിക ബഡ്ജററ് സമർപ്പിക്കൽ ;

(ഇ) പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ചുള്ള വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കൽ ;

(എഫ്) സർക്കാരിൻെറ നിർദ്ദേശാനുസരണം നിധിയുടെ കണക്കുകൾ വാർഷിക ആഡിററ് നടത്തൽ ;

(ജി) നിധിയിലേക്കുള്ള അംശദായ സംഭരണവും മററ് ബാദ്ധ്യതകളും ;

(എച്ച്) നിയമത്തിൻെറ കീഴിലുള്ള കുററങ്ങൾക്കെതിരെയുള്ള ശിക്ഷണ നടപടികൾ ;

(ഐ) അവകാശങ്ങളിൻമേൽ വേഗത്തിൽ തീർപ്പ് കൽപ്പിക്കൽ ;

(ജെ) കണക്കുകൾ കൃത്യമായി സൂക്ഷിക്കൽ ;

(കെ) ധനസഹായങ്ങൾക്കും അഡ്വാൻസുകൾക്കുമുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കൽ ;

(എൽ) അഡ്വാൻസുകൾ കൃത്യമായ കാലയളവിൽ തിരിച്ചു പിടിക്കൽ ;

(എം) ഓഡിററ് റിപ്പോർട്ടുകളിൽ നിർദ്ദേശിക്കപ്പെടുന്നതോ, ശുപാർശ ചെയ്യപ്പെടുന്നതോ ആയ സംഖ്യകൾ എഴുതിത്തള്ളൽ.

(2) കൂടാതെ സർക്കാർ കാലാകാലങ്ങളിൽ നിധിയുടെ പൊതു ഭരണം, മററനുബന്ധ കാര്യങ്ങൾ എന്നിവയെ സംബന്ധിച്ച് ഏൽപ്പിക്കുന്ന ചുമതലകളും ബോർഡ് നിർവ്വഹിക്കേണ്ടതാണ്.

6. ചീഫ് എക്സിക്യൂട്ടീവിൻെറ ഭരണപരവും ധനപരവുമായ അധികാരങ്ങൾ.—(1) നിധിയുടെയും പദ്ധതിയുടെയും ഭരണപരമായ നടത്തിപ്പിന് ആവശ്യമായ യാദൃശ്ചികമായുണ്ടാകുന്ന ആവശ്യങ്ങൾക്കും സാമഗ്രികൾക്കും സേവനങ്ങൾക്കും വാങ്ങലുകൾക്കും വേണ്ട ചെലവുകൾ കാലാകാലങ്ങളിൽ ബോർഡ് അധികാരപ്പെടുത്തുന്ന പരിധിയ്ക്ക് വിധേയമായി ചീഫ് എക്സിക്യൂട്ടീവിന് അനുവദിക്കാവുന്നതാണ്.

(2) (1)-ാം ഉപഖണ്ഡത്തിൽ പ്രത്യേകം പരാമർശിക്കപ്പെട്ടിട്ടുള്ളവയല്ലാതെ, ബോർഡ് അദ്ദേഹത്തെ ഏൽപ്പിച്ചിട്ടുള്ള ഭരണപരവും സാമ്പത്തികവുമായ മററ് അധികാരങ്ങളും ചീഫ് എക്സിക്യൂട്ടീവിന് വിനിയോഗിക്കാവുന്നതാണ്.

(3) ചീഫ് എക്സിക്യൂട്ടീവിന് ആവശ്യമെന്ന് കരുതുന്നിടത്തോളം ഭരണപരവും സാമ്പത്തികവുമായ അധികാരങ്ങൾ കാലാകാലങ്ങളിൽ അദ്ദേഹത്തിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും ഉള്ള മററ് ഏതെങ്കിലും ഉദ്യോഗസ്ഥൻമാർക്ക് ബോർഡിന്റെ മുൻകൂർ അനുവാദത്തോടെ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

അദ്ധ്യായം-3

അംഗത്വവും രജിസ്ട്രേഷനും

7. അംഗത്വം.—(i) ചട്ടങ്ങളിലെ ചട്ടം 26 എ പ്രകാരം രജിസ്ററർ ചെയ്തിട്ടുള്ളതും. ഐഡൻറിററി കാർഡ് കിട്ടിയിട്ടുള്ളതും ;

(ii) 18 വയസ്സ് പൂർത്തിയായിരിക്കുകയും എന്നാൽ 58 വയസ്സ് പൂർത്തിയായിട്ടില്ലാതിരിക്കുകയും ;

(iii) 1983-ലെ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയുടെയോ 1995-ലെ കേരള ചുമട്ടുതൊഴിലാളി (അററാച്ച്ഡ് വിഭാഗം) ക്ഷേമപദ്ധതിയുടെയോ കീഴിൽ വരാത്തതും ;

(iv) 2-ാം ഖണ്ഡികയിൽ വിവരിച്ചിട്ടുള്ളതും ആയ ഏതൊരു ചുമട്ടുതൊഴിലാളിക്കും ഈ പദ്ധതിപ്രകാരം നിധിയിൽ അംഗമായി രജിസ്ററർ ചെയ്യുവാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

8. രജിസ്ട്രേഷൻ.—(1) ഈ പദ്ധതിപ്രകാരം നിധിയിൽ അംഗമായി രജിസ്ററർ ചെയ്യുന്നതിനുള്ള അപേക്ഷ 1-ാം നമ്പർ ഫാറത്തിൽ, ചട്ടം 26 എ പ്രകാരം ലഭിച്ച ഐഡൻറിററി കാർഡിന്റെ ഒരു ഫോട്ടോസ്ററാററ് കോപ്പി സഹിതം, അപേക്ഷകൻ തൊഴിൽ എടുക്കുന്ന സ്ഥലത്തെ കമ്മിററി ചെയർമാനോ, അവിടെ കമ്മിററി നിയമിക്കപ്പെട്ടിട്ടില്ലാത്തപക്ഷം ജില്ലാ ആസ്ഥാനത്തുള്ള കമ്മിററി ചെയർമാനോ, 10 രൂപ രജിസ്ട്രേഷൻ ഫീസും 2 പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോകളും സഹിതം സമർപ്പിക്കേണ്ടതാണ്.

(2) ഈ പദ്ധതി പ്രകാരമുള്ള നിധിയിൽ അംഗമാകുന്നതിന് അർഹരായ തൊഴിലാളികൾ പ്രസ്തുത പദ്ധതി പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ 6 മാസത്തിനകം നിശ്ചിത അധികാരി മുൻപാകെ അംഗത്വം നേടുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. പിന്നീട് പുതുതായി നിധിയിൽ ചേരുന്നതിന് അർഹത നേടുന്ന തൊഴിലാളികൾ അവർക്ക് ചട്ടം 26 (എ) പ്രകാരമുള്ള ഐഡൻറിററി കാർഡ് ലഭിച്ച തീയതി മുതൽ 3 മാസത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതുമാണ്.

എന്നാൽ യഥാസമയം നിധിയിൽ അംഗമായി ചേരുന്നതിന് അപേക്ഷിക്കാത്ത കേസുകളിൽ ഒരു വർഷം വരെയുള്ള കാലതാമസം സെക്രട്ടറിക്ക് തൊഴിലാളിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കാലയളവിലേക്ക് നൽകേണ്ടിയിരുന്ന അംശദായ തുകയും ആ തുകയുടെ പകുതി സംഖ്യയും കൂടി നിധിയിൽ ഒടുക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് രേഖാമൂലം ഇളവ് ചെയ്ത് അനുമതി കൊടുക്കാവുന്നതുമാകുന്നു.

(3) മേൽ (1)-ാം ഉപബന്ധിക പ്രകാരം കമ്മിററി ചെയർമാൻ മുൻപാകെ ലഭിക്കുന്ന അപേക്ഷകളിൽ കഴിവതും വേഗം അതിൻെറ നിജസ്ഥിതിയെക്കുറിച്ച് അദ്ദേഹം നേരിട്ടോ മറെറാരു കീഴുദ്യോഗസ്ഥൻ മുഖേനയോ അന്വേഷണം നടത്തേണ്ടതും അതിനുശേഷം അംഗത്വത്തിന് അർഹനാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം 2-ാം നമ്പർ ഫാറത്തിലുള്ള അംഗത്വ രജിസ്ററിൽ പേരും മററ് വസ്തുതകളും രേഖപ്പെടുത്തി, നിശ്ചിത കോളത്തിൽ ഫോട്ടോ ഒട്ടിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും ഒരു അംഗത്വ നമ്പർ നിശ്ചയിക്കേണ്ടതുമാണ്.

(4) അംഗത്വ നമ്പർ ഓരോ തൊഴിലാളിക്കും നൽകുന്നത് അനുബന്ധം 1 ആയി ചേർത്തിട്ടുള്ള പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ആയിരിക്കേണ്ടതാണ്.

(5) നിധിയിൽ അംഗത്വം നൽകപ്പെട്ട തൊഴിലാളികളെ സംബന്ധിച്ചും അംഗത്വാപേക്ഷ നിരസിക്കപ്പെട്ട തൊഴിലാളികളെ സംബന്ധിച്ചും 3-ാം നമ്പർ ഫാറത്തിൽ ഒരു അറിയിപ്പ് അപേക്ഷ തീർപ്പ് കൽപ്പിച്ച് 10 ദിവസത്തിനകം നൽകേണ്ടതാണ്.

9. പാസ്ബുക്കും അംഗത്വത്തിൻെറ സാധുതയും.—(1) നിധിയിൽ അംഗത്വം നൽകപ്പെട്ട തൊഴിലാളിക്ക് അക്കാര്യം വ്യക്തമാകുന്ന 3-ാം നമ്പർ ഫാറത്തിലുള്ള അറിയിപ്പും നിധിയിലേക്ക് അംശദായം അടയ്ക്കുന്നതിനുള്ള 4-ാം നമ്പർ ഫാറത്തിലുള്ള പാസ്ബുക്കിൽ ഫോട്ടോ പതിച്ച് സാക്ഷ്യപ്പെടുത്തിയത് നൽകേണ്ടതാകുന്നു.

(2) നിധിയിലേക്ക് അംശദായമൊടുക്കുന്നതിനുള്ള പാസ്ബുക്ക് നൽകപ്പെട്ട തൊഴിലാളി പ്രസ്തുത പാസ്ബുക്കിൽ വ്യക്തമാക്കപ്പെട്ട ബാങ്ക് ശാഖയിൽ 5-ാം നമ്പർ ഫാറത്തിലുള്ള ചെലാൻ മുഖേന നിധിയുടെ കണക്കിലേക്ക് അംശദായ തുക അടവ് വരുത്തുന്ന തീയതി മുതൽ ടിയാൻെറ അംഗത്വം പ്രാബല്യത്തിൽ വരുന്നതാണ്.

(3) നിധിയിലേക്ക് അംഗം നൽകേണ്ട പ്രതിമാസ അംശദായം ഒടുക്കുന്നതിൽ തുടർച്ചയായി ആറുമാസക്കാലം വീഴ്ചവരുത്തിയാൽ പ്രസ്തുത തൊഴിലാളിയുടെ അംഗത്വം സ്വയം റദ്ദാകുന്നതും എന്നാൽ അടുത്ത ആറ് മാസക്കാലത്തിനകം കമ്മിററി ചെയർമാൻെറ പ്രത്യേക അനുമതിയോടെ അംശദായ കുടിശ്ശിക അധിക വിഹിതം സഹിതം (അംഗത്വം റദ്ദായിപ്പോയ കാലയളവിലേതുൾപ്പെടെ) നിധിയിലേക്കടവ് വരുത്തുന്നപക്ഷം അംഗത്വം പുന:സ്ഥാപിക്കപ്പെടുന്നതുമാണ്.

(4) മേൽ (3)-ാം ഖണ്ഡത്തിൽ പറയുന്ന ആറുമാസത്തിനുശേഷം ഒരു വർഷം വരെയുള്ള കാലയളവിൽ തക്കതായ കാരണങ്ങൾ സഹിതമുള്ള ഒരു തൊഴിലാളിയുടെ ഹർജിയുടെ വെളിച്ചത്തിൽ കമ്മിററിയുടെ വിവേചനാധികാരമുപയോഗിച്ച് റദ്ദായ അംഗത്വം പുന:സ്ഥാപിക്കുന്നതിന് അനുമതി നൽകാവുന്നതാണ്. എന്നാൽ നിധിയിലേക്ക് ഉള്ള അംശദായ കുടിശ്ശിക അധിക വിഹിതം സഹിതം (അംഗത്വം റദ്ദായ കാലയളവിലേതുൾപ്പെടെ) ഈ പദ്ധതി പ്രകാരമുള്ള നിധിയിലേക്ക് വസൂലാക്കി രസീത് നൽകുന്ന തീയതി മുതൽ മാത്രമേ അംഗത്വം പുന:സ്ഥാപിക്കൽ പ്രാബല്യത്തിൽ വരികയുള്ളൂ.

10. അംഗത്വ അപേക്ഷയിലെ തീരുമാനത്തിനെതിരെ അപ്പീൽ.—

(1) നിധിയിലെ അംഗത്വം നിരസിക്കപ്പെട്ടതായി അറിയിപ്പ് ലഭിച്ച ഒരു അപേക്ഷകന് 8-ാം ഖണ്ഡിക (5)-ാം ഖണ്ഡപ്രകാരമുള്ള തിരുമാനത്തിനെതിരെ 3-ാം നമ്പർ ഫാറത്തിലുള്ള അറിയിപ്പ് കിട്ടി 60 ദിവസത്തിനകം ബോർഡ് മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(2) മേൽ (1)-ാം ഉപഖണ്ഡിക പ്രകാരമുള്ള അപ്പീൽ ലഭിച്ചാൽ-യുക്തമെന്ന് തോന്നുന്ന അന്വേഷണങ്ങൾ നടത്തി 60 ദിവസത്തിനകം ബോർഡ് അതിൻമേൽ തീരുമാനം കൈക്കൊള്ളേണ്ടതും പ്രസ്തുത തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(3) അപ്പീൽ തീർപ്പ് കൽപ്പിച്ചതിനുശേഷം ഒരാഴ്ചയ്ക്കകം അപ്പീൽ നൽകിയ ആളെ പ്രസ്തുത തീരുമാനം രേഖാമൂലം അറിയിക്കേണ്ടതാണ്.

11. നാമനിർദ്ദേശം.—(1) നിധിയിൽ അംഗമായി ചേർന്നിട്ടുള്ള ഓരോ തൊഴിലാളിയും ടിയാന്റെ കാലശേഷം, ഈ പദ്ധതിയനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകപ്പെടേണ്ട വ്യക്തിയുടെ/വ്യക്തികളുടെ പേര്, മേൽവിലാസം, പ്രായം, ജനനത്തീയതി, നാമനിർദ്ദേശകന് അംഗവുമായുള്ള ബന്ധം എന്നിവ വ്യക്തമാക്കുന്ന 6-ാം നമ്പർ ഫാറത്തിലുള്ള നാമനിർദ്ദേശം കമ്മിററി കൺവീനർ മുഖാന്തിരം ഫയൽ ചെയ്യേണ്ടതാണ്.

എന്നാൽ, അംഗത്തിന് ആക്ററ് 2 (കെ) വകുപ്പു പ്രകാരം "കുടുംബം" എന്നതിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നവർ ആരെങ്കിലും ഉണ്ടെങ്കിൽ പ്രസ്തുത കുടുംബാംഗങ്ങളെ മാത്രമേ നാമനിർദ്ദേശം ചെയ്യാൻ പാടുള്ളൂ.

(2) ഒരംഗത്തിന് അഞ്ചു വർഷത്തിലൊരിക്കലോ, ടിയാന്റെ വിവാഹം, സന്താനത്തിന്റെ ജനനം, കുടുംബാംഗങ്ങളുടെ മരണം എന്നീ സാഹചര്യങ്ങളിലോ മററൊരു പുതുക്കിയ നോമിനേഷൻ സമർപ്പിക്കാവുന്നതാണ്.

(3) എന്നാൽ ഇപ്രകാരം പുതുക്കിയ നോമിനേഷൻ ഒരു ഗസററഡ് ഓഫീസറോ, അല്ലെങ്കിൽ ബോർഡിലെയോ, കമ്മിററിയിലെയോ, കൺവീനറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെയോ, കമ്മിററി മെമ്പറുടെയോ സാന്നിദ്ധ്യത്തിൽ ഒപ്പുവച്ച് കമ്മിററി ഓഫീസ് മുഖാന്തിരം ചീഫ് എക്സിക്യൂട്ടീവിന് സമർപ്പിച്ചാലേ അതിന് സാധുത ഉണ്ടാകുകയുള്ളൂ.

അദ്ധ്യായം-4

നിധിയിലേക്കുള്ള അംശദായം

12. അംഗങ്ങളുടെ അംശദായം.—(1) ഈ പദ്ധതിപ്രകാരം അംഗത്വം ലഭിച്ച ഓരോ ചുമട്ടുതൊഴിലാളിയും പ്രതിമാസം 20 രൂപ, 30 രൂപ, 40 രൂപ അല്ലെങ്കിൽ 50 രൂപ എന്നീ തുകയിൽ ഏതാണോ തിരഞ്ഞെടുക്കുന്നത് ആ തുക ഓരോ മാസവും നിധിയിലേക്ക് അംശദായമായി നൽകേണ്ടതും അത് പാസ്ബുക്കിൽ പറഞ്ഞിരിക്കുന്ന ബാങ്ക് ശാഖയിൽ 5-ാം നമ്പർ ഫാറത്തിലുള്ള ചെലാൻ മുഖേന അടച്ച് ബാങ്കിൽനിന്നും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതുമാകുന്നു.

(+)

(2) (1)-ാം ഉപഖണ്ഡിക പ്രകാരമുള്ള ഓരോ മാസത്തെയും അംശദായ തുക തൊട്ടടുത്ത മാസം 5-ാം തീയതിക്ക് മുൻപായി അടവ് വരുത്തേണ്ടതും അതിൽ വീഴ്ചവരുത്തുന്നപക്ഷം അംശദായത്തോടൊപ്പം മാസംതോറും 30 രൂപ വരെ അംശദായം നൽകേണ്ടയാൾ പ്രതിമാസം 2 രൂപ നിരക്കിലും, മാസംതോറും 30 രൂപയ്ക്ക് മേൽ 50 രൂപ വരെ അംശദായം നൽകേണ്ടയാൾ പ്രതിമാസം 3 രൂപ നിരക്കിലും പിഴ ഒടുക്കേണ്ടതുമാണ്.

(3) ഓരോ അംഗവും പാസ്ബുക്കും അടവ് ചെലാന്റെ കോപ്പികളും ആറ് മാസത്തിലൊരിക്കൽ കമ്മിറ്റി ഓഫീസിൽ ഹാജരാക്കി അടവ് സംഖ്യകൾ നിധിയിലേക്ക് വരവ് വന്നിട്ടുണ്ട് എന്ന് പരിശോധിപ്പിക്കേണ്ടതുമാണ്.

13. തൊഴിൽദായകരുടെ അംശദായം.—(1) അനുബന്ധം 111-ാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓരോ തൊഴിൽദായകനും 14-ാം ഖണ്ഡികയിലെ വ്യവസ്ഥകൾ പ്രകാരം നിശ്ചയിക്കുന്ന തുക പ്രതിവർഷം ഈ നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(2) മേൽപ്പറഞ്ഞ അംശദായ തുക നിധിയിലേക്ക് അടയ്ക്കുവാൻ ബാദ്ധ്യസ്ഥനായ ആൾ പ്രസ്തുത തുക കമ്മിററി ചെയർമാൻ പുറപ്പെടുവിക്കുന്ന 7-ാം നമ്പർ ഫാറത്തിലുള്ള അസസ്മെൻറ് ഉത്തരവിൽ പറഞ്ഞിട്ടുള്ള ബാങ്ക് ശാഖയിൽ ഈ നിധിയുടെ അക്കൗണ്ടിൽ നിശ്ചിത സമയത്തിനകം 5-ാം നമ്പർ ഫാറത്തിലുള്ള ചെലാൻ മുഖേന അടവ് വരുത്തേണ്ടതും അതിന് വീഴ്ചവരുത്തുന്നപക്ഷം കാലതാമസംവന്ന ഓരോ മാസത്തിനും 2 രൂപ നിരക്കിൽ പിഴ അടയ്ക്കേണ്ടതുമാണ്.

14. തൊഴിൽദായകരുടെ അംശദായ അസസ്മെൻറ്.—(1) 13-ാം ഖണ്ഡിക (1)-ാം ഉപഖണ്ഡപ്രകാരമുള്ള അംശദായ തുക പിരിക്കുന്നത് സംബന്ധിച്ച് ബോർഡ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ഓരോ കമ്മിററി ചെയർമാനും നേരിട്ടോ കീഴുദ്യോഗസ്ഥരെ നിയോഗിച്ചോ പ്രസ്തുത കമ്മിററിയുടെ അധികാര പരിധിയിൽപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന ഡി ആൻറ് ഒ ട്രേഡ് ലൈസൻസ് രജിസ്ററും കേരള ഷോപ്സ് ആൻറ് കൊമേഴ്സ്യൽ എസ്ററാബ്ലിഷ്മെൻറ് ആക്ട് അനുസരിച്ച് അസിസ്ററൻറ് ലേബർ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ രജിസ്ററും പരിശോധിച്ചും ആവശ്യമെന്ന് തോന്നുന്ന അന്വേഷണങ്ങൾ നടത്തിയും അംശദായം നൽകാൻ ബാദ്ധ്യസ്ഥരായ തൊഴിൽദായകരുടെ പേരും മേൽവിലാസവും അടങ്ങുന്ന ഒരു പട്ടിക തയ്യാറക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതാണ്.

(2) ഇപ്രകാരം പട്ടിക തയ്യാറാക്കുന്ന ആവശ്യത്തിലേക്ക് രജിസ്ററുകൾ പരിശോധിക്കുന്നത് സംബന്ധിച്ചുള്ള അറിയിപ്പ് മുൻകൂട്ടി രേഖാമൂലം അതത് സംഗതിപോലെ കമ്മിററി ചെയർമാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണാധികാരിക്കോ, അസിസ്ററൻറ് ലേബർ ഓഫീസർക്കോ നൽകേണ്ടതാണ്. ഇപ്രകാരം കമ്മിററി ചെയർമാന്റെ അറിയിപ്പ് ലഭിച്ചാൽ പ്രസക്ത രേഖകൾ പരിശോധിച്ച് വസ്തുതകൾ കുറിച്ചെടുക്കുന്നതിനുള്ള സൗകര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശ-സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയോ അസിസ്ററൻറ് ലേബർ ഓഫീസറോ ചെയ്തു കൊടുക്കേണ്ടതാണ്.

(3) ഉപഖണ്ഡിക (1) പ്രകാരം തയ്യാറാക്കപ്പെട്ട പട്ടികയിൽനിന്ന് താഴെ പറയുന്ന ആളുകളെ ഒഴിവാക്കേണ്ടതാണ്.

(i) 1983-ലെ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി പ്രകാരം കമ്മിററിയിൽ രജിസ്ററർ ചെയ്ത് അതുപ്രകാരം തൊഴിലാളികളുടെ വേതനവും ലെവിസംഖ്യകളും കമ്മിററി ഫണ്ടിൽ അടച്ചുകൊണ്ടിരിക്കുന്ന തൊഴിലുടമകൾ.

(ii) ബോർഡ് തീരുമാനപ്രകാരം ഒഴിവാക്കപ്പെടുന്ന ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽപ്പെട്ട ആളുകൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ.

(4) അംശദായം താഴെ പറയുന്ന തോതിൽ തിട്ടപ്പെടുത്തി കമ്മിററി ചെയർമാൻ 5-ാം നമ്പർ ഫാറത്തിൽ അസസ്മെൻറ് ഉത്തരവ് തൊഴിൽദായകന് നൽകേണ്ടതാണ്.

(i) ഡി ആൻറ് ഒ ട്രേഡ് ലൈസൻസികൾ—പ്രതിവർഷം 60 രൂപ വീതം.

(ii) ഇനം (i)-ൽപ്പെടാത്ത ഷോപ്പ് ആൻറ് കൊമേഴ്സ്യൽ എസ്ററാബ്ലിഷ്മെൻറ് ആക്ട് അനുസരിച്ച് രജിസ്ററർ ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ ഉടമ അല്ലെങ്കിൽ നടത്തിപ്പുകാരൻ—പ്രതിവർഷം 60 രൂപ വീതം.

(iii) ഏതെങ്കിലും വ്യാപാര-ബിസിനസ് കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന കോൺട്രാക്ടർ, ഫോർവേഡിംഗ് ഏജൻറ്, ബ്രോക്കർ—പ്രതിവർഷം 120 രൂപ വീതം.

(iv) മേൽപ്പറഞ്ഞ വിഭാഗങ്ങളിലൊന്നും ഉൾപ്പെടാത്ത വ്യാപാര-ബിസിനസ് കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളുടെ ഉടമ അല്ലെങ്കിൽ നടത്തിപ്പുകാരൻ—പ്രതിവർഷം 120 രൂപ.

(5) അസസ്മെൻറ് ഉത്തരവ് സർട്ടിഫിക്കററ് ഓഫ് പോസ്ററിംഗ് മുഖാന്തിരം ബന്ധപ്പെട്ട തൊഴിൽദായകന് നൽകേണ്ടതാണ്.

(6) അസസ്മെൻറ് ഉത്തരവ് ലഭിച്ച തീയതി മുതൽ 15 ദിവസത്തിനകം പ്രസ്തുത തൊഴിൽദായകൻ അംശദായ തുക പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള ബാങ്ക് ശാഖയിൽ ഈ നിധിയുടെ അക്കൗണ്ടിൽ 5-ാം നമ്പർ ഫാറത്തിലുള്ള ചെലാൻ മുഖേന അടയ്ക്കുകയും ആ വിവരം ചെലാൻ നമ്പരും തീയതിയും സഹിതം കമ്മിററി ചെയർമാനെ കഴിയുന്നത്ര വേഗം അറിയിക്കുകയോ അല്ലെങ്കിൽ അംശദായ തുക നേരിട്ട് കമ്മിററി ഓഫീസിൽ അടച്ച് രസീത് വാങ്ങുകയോ ചെയ്യേണ്ടതാണ്.

(7) നിശ്ചിത സമയത്തിനകം അംശദായ തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന തൊഴിൽദായകൻ വീഴ്ച വരുത്തിയ തീയതി മുതൽ പ്രതിമാസം 2 രൂപ വീതം അധിക വിഹിതം അടയ്ക്കേണ്ടതും അസസ്മെൻറ് ഉത്തരവ് ലഭിച്ചശേഷം 3 മാസത്തിനകം അധിക വിഹിതം അടക്കമുള്ള അംശദായ കുടിശ്ശിക കമ്മിററി ചെയർമാൻ നിർണ്ണയിക്കുന്ന നോട്ടീസ് ചെലവ് സഹിതം ഉപഖണ്ഡിക (6)-ൽ പറയും പ്രകാരം അടയ്ക്കേണ്ടതാണ്.

(8) ഈ പദ്ധതിയുടെ നിധിയിലേക്ക് ഒരു തൊഴിൽദായകനിൽ നിന്നും അംശദായമായി ലഭിക്കേണ്ട ഏതെങ്കിലും തുകയും ഈ പദ്ധതിയിലെ വ്യവസ്ഥകൾപ്രകാരം അയാളിൽനിന്ന് ലഭിക്കേണ്ട മറേറതെങ്കിലും തുകയും കുടിശ്ശികയായി തീർന്നിട്ടുണ്ടെങ്കിൽ ആയത് ഭൂനികുതി കുടിശ്ശികയെന്നപോലെ കണക്കാക്കി കമ്മീററി ചെയർമാനോ ചീഫ് എക്സിക്യൂട്ടീവ് അധികാരപ്പെടുത്തിയ മറേറതെങ്കിലും ഉദ്യോഗസ്ഥനോ വസൂലാക്കാൻ നടപടി എടുക്കാവുന്നതാണ്.

അദ്ധ്യായം—5

ധനസഹായവും പെൻഷനും

15. അംഗങ്ങൾക്കുള്ള ക്ഷേമാനുകൂല്യങ്ങൾ.—ഡെത്ത്-കം-റിട്ടയർമെൻറ് ആനുകൂല്യം, ശാരീരിക അവശതയ്ക്കുള്ള ധനസഹായം എന്നിവ ഒഴികെ ഉള്ളവയെ സംബന്ധിച്ചിടത്തോളം, നിധിയിലേക്ക് തൊഴിലാളി നൽകേണ്ട അംശദായം ചുരുങ്ങിയത് 18 മാസത്തേയ്ക്കെങ്കിലും അടച്ചിരിക്കണം, അംശദായ തുക കുടിശ്ശിക ഉണ്ടായിരിക്കരുത് എന്നീ പൊതു നിബന്ധനയ്ക്ക് വിധേയമായി താഴെപ്പറയുന്ന ക്ഷേമാനുകൂല്യങ്ങൾ ബോർഡ് ഇതിനായി പ്രത്യേകം നിജപ്പെടുത്തുന്ന ഫാറങ്ങളും നടപടി ക്രമങ്ങളും അനുസരിച്ച് നൽകുന്നതായിരിക്കും.

(1) ശാരീരികാവശതയ്ക്കുള്ള ധനസഹായം.—(എ) പദ്ധതി ഖണ്ഡിക 12 (1) പ്രകാരം നിധിയിലേക്ക് ഓപ്ററ് ചെയ്ത നിശ്ചിത അംശദായ തുക കൃത്യമായി അടയ്ക്കുന്ന ഒരംഗത്തിന് ഏതെങ്കിലും അപകടംമൂലം സ്ഥിരവും പൂർണ്ണവുമായി ശാരീരിക അവശത സംഭവിച്ചതായി ഒരു മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്നപക്ഷം ചുവടെ 1-ാം പട്ടികയിൽ പറയുന്ന തോതിൽ തുടർന്നുള്ള ജീവനത്തിനായി ഗ്രാൻറോ അല്ലെങ്കിൽ ടിയാന് 60 വയസ് പൂർത്തിയാകുന്നതുവരെ 2-ാം പട്ടികയിൽ പറയുന്ന തോതിൽ അവശതാ പെൻഷനോ ഏതാണ് രേഖാമൂലം ആവശ്യപ്പെടുന്നതെന്നാൽ അത് നിധിയിൽനിന്നും നൽകേണ്ടതാണ്.

പട്ടിക—1

ഗ്രാൻറിൻെറ നിരക്കുകൾ

ക്രമ നമ്പർ	നിധിയിലേക്ക് നൽകുന്ന പ്രതിമാസ അംശദായം രൂപ	അർഹമായ ഗ്രാൻറ് തുക രൂപ
1	20	5,000
2	30	7,500
3	40	10,000
4	50	12,500

പട്ടിക—2

പെൻഷൻ നിരക്കുകൾ

ക്രമ നമ്പർ	നിധിയിലേക്ക് നൽകുന്ന പ്രതിമാസ അംശദായം രൂപ	അർഹമായ പ്രതിമാസ അവശതാ പെൻഷൻ രൂപ
1	20	100
2	30	145
3	40	185
4	50	225

കുറിപ്പ്:—പദ്ധതി ഖണ്ഡിക 15 (2) 1 (എ) പ്രകാരമുള്ള ഏഴ് വർഷത്തേക്കുള്ള ഫാമിലി പെൻഷൻ തുകയും വ്യത്യസ്ത തോതിൽ അംശദായം നൽകുന്നവരെ സംബന്ധിച്ചിടത്തോളം മേൽ ചേർത്തിട്ടുള്ള പട്ടിക—2 പ്രകാരം ആയിരിക്കുന്നതാണ്.

(ബി) കൃത്യമായി അംശദായ തുക അടയ്ക്കുന്ന അംഗത്തിന്റെ തുടർച്ചയായി മൂന്ന് ദിവസത്തിലേറെ ആശുപത്രിയിൽ കിടത്തിയുള്ള ചികിൽസയ്ക്ക് വേണ്ടിവരുന്ന ചെലവുകൾ ആശുപത്രി ബില്ല്, ഡോക്ടറുടെ സർട്ടിഫിക്കററ് തുടങ്ങിയ രേഖകളുടെ അടിസ്ഥാനത്തിൽ പ്രതിവർഷം പരമാവധി 1,000 രൂപ വരെ എന്ന പരിധിക്ക് വിധേയമായി റീ-ഇംപേഴ്സ് ചെയ്ത് നൽകുന്നതാണ്.

(2) കുടുംബ പെൻഷൻ.—1 (എ) നിധിയിലേക്കുള്ള പ്രതിമാസ അംശദായം അല്ലെങ്കിൽ വിഹിത സംഖ്യകൾ കൃത്യമായി അടവ് വരുത്തുന്ന ഒരംഗം മരണപ്പെടുന്നതായാൽ ടിയാന്റെ നോമിനിക്ക് പ്രതിമാസം 100 രൂപ വീതം അടുത്ത 7 വർഷത്തേക്ക് കുടുംബ പെൻഷൻ നൽകുന്നതാണ്.

(ബി) ഈ കാലയളവിനുള്ളിൽ നോമിനിയുടെ ആശ്രിതർക്ക് 21 വയസ് പൂർത്തിയാവുകയോ വിധവയ്ക്കാണ് പെൻഷൻ നൽകപ്പെടുന്നതെങ്കിൽ അവർ പുനർ വിവാഹം ചെയ്യുകയാണെങ്കിലോ തൊട്ടടുത്ത മാസം മുതൽ 7 വർഷം പൂർത്തിയായിട്ടില്ലെങ്കിലും പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(2) ഈ ഖണ്ഡിക പ്രകാരം കുടുംബ പെൻഷനുള്ള അപേക്ഷ നിശ്ചിത ഫാറത്തിൽ അംഗത്തിനെ സംബന്ധിച്ച മരണ സർട്ടിഫിക്കററ് അംശദായ അടവിന്റെ വിശദവിവരങ്ങൾ എന്നിവ സഹിതം ചീഫ് എക്സിക്യൂട്ടീവിന് നൽകേണ്ടതാണ്.

(3) ആശ്രിതർ മരണപ്പെട്ടാൽ നൽകുന്ന ധനസഹായം.—കൃത്യമായി നിധിയിലേക്കുള്ള അംശദായം നൽകുന്ന അംഗത്തിന്റെ ആശ്രിതരായ മാതാപിതാക്കൾ ഭാര്യ/ഭർത്താവ്, 18 വയസ്സിൽ താഴെയുള്ള മക്കൾ എന്നിവർ മരണപ്പെട്ടാൽ മരണാനന്തര സഹായമായി ഓരോ കേസിലും മരണ സർട്ടിഫിക്കററിന്റെയും ബന്ധം തെളിയിക്കുന്ന സർട്ടിഫിക്കററിന്റെയും അടിസ്ഥാനത്തിൽ 500 രൂപ വീതം ഗ്രാന്റായി നൽകുന്നതാണ്.

(4) വിദ്യാഭ്യാസ ധനസഹായം.—(എ) അംശദായ തുക നിധിയിലേക്ക് കൃത്യമായി അടവ് വരുത്തിയ തൊഴിലാളികളുടെ 10-ാം സ്റ്റാൻഡേർഡ് മുതലുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളായ സന്താനങ്ങൾക്ക് കോഴ്സിന്റെ സ്വഭാവമനുസരിച്ച് മാർക്കിന്റെ അടിസ്ഥാനത്തിൽ 100 രൂപ മുതൽ 300 രൂപ വരെ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നതാണ്.

(ബി) എഞ്ചിനീയറിംഗ്, മെഡിക്കൽ, ആയുർവേദം, കൃഷി തുടങ്ങിയ പ്രൊഫഷണൽ ഡിഗ്രി/മാസ്റ്റർ കോഴ്സുകൾക്ക് അംഗീകൃത കോളേജുകളിൽ പഠനം നടത്തുന്ന ഒരു വിദ്യാർത്ഥിക്ക് പ്രതിവർഷം 1000 രൂപ വരെയുള്ള സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ നൽകുന്നതാണ്.

(5) വിവാഹ ധനസഹായം.—നിധിയിലേക്കുള്ള അംശദായം കൃത്യമായി അടയ്ക്കുന്ന ഒരംഗത്തിന്റെ 18 വയസ് പൂർത്തിയായ പെൺമക്കളുടെ വിവാഹത്തിന് സർട്ടിഫിക്കററ് സഹിതം അപേക്ഷിച്ചാൽ 1,000 രൂപ ഗ്രാൻറായി നൽകുന്നതാണ്. ഒരു കുട്ടിക്ക് ഒരു തവണ മാത്രമെ ഈ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

കൂടാതെ വിവാഹ സമയത്തും ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്ന സമയത്തും അന്നേ തീയതിവരെയുള്ള നിധിയിലേക്കുള്ള വിഹിതങ്ങൾ അടവ് വരുത്തിയിരിക്കേണ്ടതുമാണ്.

(6) ഡെത്ത്-കം-റിട്ടയർമെന്റ് ആനുകൂല്യങ്ങൾ.—(എ) 60 വയസ് പൂർത്തിയായി സേവനത്തിൽനിന്നും വിരമിക്കുന്ന ഒരംഗത്തിനോ അതിന് മുമ്പ് മരണപ്പെടുന്ന ഒരംഗത്തിന്റെ നോമിനിക്കോ, പ്രസ്തുത അംഗം ഫണ്ടിലേക്ക് വിഹിതം നൽകിയതിന്റെ പാസ് ബുക്കും മററ് രേഖകളും സഹിതം ബന്ധപ്പെട്ട കമ്മിററി ചെയർമാൻ മുഖാന്തിരം അപേക്ഷിച്ചാൽ ടിയാന്റെ അംശദായ സ്ലാബ് തുകയ്ക്ക് അനുബന്ധം—2 ആയി ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള സംഖ്യ നിധിയിലേക്ക് വിഹിതം നൽകിയ മൊത്തം കാലയളവ് കണക്കാക്കി റിട്ടയർമെന്റ് ആനുകൂല്യമായി നൽകുന്നതാണ്.

(ബി) റിട്ടയർമെന്റിന് മുമ്പ് നിധിയിലേക്ക് കൃത്യമായി അംശദായം അടുക്കുന്ന ഒരംഗം മരണപ്പെട്ടാൽ ടി തൊഴിലാളികളുടെ നോമിനിക്ക് മുകളിൽ (6) (എ) ഉപഖണ്ഡികയിൽ വിവരിച്ച സംഖ്യയ്ക്ക് പുറമെ താഴെ പട്ടികയിൽ പറയുന്ന സംഖ്യ ഡെത്ത് എക്സ്ഗ്രേഷ്യ ആയി നൽകേണ്ടതാണ്.

പട്ടിക

ക്രമ നമ്പർ	നിധിയിലേക്ക് പ്രതിമാസം നൽകുന്ന അംശദായം രൂപ	അർഹമായ ഡെത്ത് എക്സ്ഗ്രേഷ്യാ രൂപ
1	20	10,000
2	30	20,000
3	40	30,000
4	50	40,000

(സി) അംഗത്തിന്റെയോ നോമിനിയുടേയോ ഇതുസംബന്ധിച്ച അപേക്ഷ പരിശോധിച്ച് പോരായ്മകൾ പരിഹരിച്ചതിനുശേഷം കമ്മിററി ചെയർമാന്റെ ശുപാർശ സഹിതം പദ്ധതി അനുസരിച്ചുള്ള തുക അനുവദിക്കാൻ ചീഫ് എക്സിക്യൂട്ടീവിന് അയച്ചു കൊടുക്കേണ്ടതാണ്.

(ഡി) റിട്ടയർമെൻറ് ബെനിഫിററ് തുക തിട്ടപ്പെടുത്തുന്നതിനു മുമ്പായി അംഗത്തിൻെറ പേരിലുള്ള സംഖ്യകൾ സംബന്ധിച്ച വിവരങ്ങൾ അടവ് സംബന്ധമായ റിക്കാർഡുകളുമായി ഒത്തുനോക്കി ഫൈനാൻസ് ഓഫീസറോ അക്കൗണ്ട്സ് ഓഫീസറോ പരിശോധിക്കേണ്ടതും ഓരോ അപേക്ഷയിൻമേലുമുള്ള വ്യക്തമായ ശുപാർശകൾ സഹിതം അപേക്ഷ ചീഫ് എക്സിക്യൂട്ടീവിനു സമർപ്പിക്കേണ്ടതുമാണ്.

(ഇ) ഓരോ അപേക്ഷയിലും ബന്ധപ്പെട്ട തലങ്ങളിലുള്ള ഉദ്യോഗസ്ഥരുടെ ശുപാർശകൾക്കും ആവശ്യമായ പരിശോധനകൾക്കുംശേഷം ഉചിതമായ ഉത്തരവ് ചീഫ് എക്സിക്യൂട്ടീവ് പുറപ്പെടുവിക്കേണ്ടതും അർഹരായവർക്ക് ക്രോസ് ചെയ്ത് ചെക്കായി കമ്മിററി ചെയർമാൻ മുഖാന്തിരം തുക നൽകേണ്ടതാണ്.

16. ആനുകൂല്യ അപേക്ഷയുടെ തീർപ്പിൻമേലുള്ള അപ്പീൽ.—(1) ഒരു അംഗത്തിൻെറ പദ്ധതി അനുസരിച്ചുള്ള ഏതെങ്കിലും ആനുകൂല്യത്തെ സംബന്ധിച്ച് ചീഫ് എക്സിക്യൂട്ടീവിൻെറ തീർപ്പിൽ എന്തെങ്കിലും ആക്ഷേപങ്ങളുണ്ടെങ്കിൽ പ്രസ്തുത തീർപ്പ്/ഉത്തരവ് ലഭിച്ച് 60 ദിവസത്തിനകം ബോർഡ് മുമ്പാകെ അപ്പീൽ ബോധിപ്പിക്കേണ്ടതാണ്.

(2) അപ്പീൽ അപേക്ഷ ബന്ധപ്പെട്ട തീർപ്പിൻെറ/ഉത്തരവിൻെറ പകർപ്പ് സഹിതം ബോർഡ് ചെയർമാന് സമർപ്പിക്കേണ്ടതും അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ ആയത് അപ്പീൽ അധികാരികളുടെ യുക്തമനുസരിച്ച് മാപ്പാക്കാവുന്നതുമാണ്.

എന്നാൽ ഒരു തീർപ്പ്/ഉത്തരവ് തീയതി മുതൽ 6 മാസത്തിനു ശേഷം യാതൊരുവിധ അപ്പീലുകളും പരിഗണിക്കാവുന്നതല്ല.

അദ്ധ്യായം—6

17. തൊഴിൽദായകരുടെ ബാദ്ധ്യതകളും ചുമതലകളും.—(1) പദ്ധതി വ്യവസ്ഥകളനുസരിച്ച് പ്രത്യേകം ഒഴിവാക്കപ്പെട്ടിട്ടില്ലെങ്കിൽ നിധിയിലേക്ക് അംശാദായം നൽകുന്നതിന് ഓരോ തൊഴിൽദായകനും ചുമതലയും ബാദ്ധ്യതയും ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതാണ്.

(2) നിധിയിലേക്കുള്ള അംശാദായ തുക യഥാസമയം ഒടുക്കാത്ത ഒരു തൊഴിൽദായകനിൽ നിന്നും ഈ പദ്ധതി പ്രാബല്യത്തിൽ വന്ന തീയതി മുതൽക്കോ പ്രസ്തുത സ്ഥാപനം ആരംഭിച്ച തീയതി മുതൽക്കോ ഏതാണ് ആദ്യമെന്നാൽ ആ തീയതി മുതൽ മുൻകാലപ്രാബല്യത്തോടെ, കാലതാമസം വരുത്തിയതിന് ഖണ്ഡിക 13 (2) പ്രകാരമുള്ള പിഴ സഹിതം ഈടാക്കിയെടുക്കാൻ കമ്മിററി ചെയർമാനും ചീഫ് എക്സിക്യൂട്ടീവ് പ്രത്യേകം അധികാരപ്പെടുത്തിയ ഏതാരു ഉദ്യോഗസ്ഥനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) കമ്മിററി ചെയർമാൻ പുറപ്പെടുവിച്ച അസസ്മെൻറ് ഉത്തരവും അപ്രകാരം നിധിയിലേക്ക് വിഹിതം ഒടുക്കിയതിൻെറ ചെലാൻ രസീതും തൊഴിൽദായകൻ തൻെറ ഓഫീസിൽ/സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും കമ്മിററി ചെയർമാനോ ചീഫ് എക്സിക്യൂട്ടീവ് പ്രത്യേകം അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ, ആവശ്യപ്പെട്ടാൽ പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.

അദ്ധ്യായം—7

18. പൊതു നിബന്ധനകൾ.—(1) ഈ പദ്ധതിയുടെ ഫലപ്രദവും കാര്യക്ഷമവുമായ നടത്തിപ്പിനുവേണ്ടി ഓഡിററിംഗ് ഉൾപ്പെടെയുള്ള പൊതു നയതീരുമാനങ്ങൾ ബോർഡ് കൈക്കൊള്ളേണ്ടതും അതാതു സമയം പ്രായോഗിക നടത്തിപ്പിന് ആവശ്യമായ മററെല്ലാ നടപടികളും സ്വീകരിക്കാവുന്നതുമാണ്.

(2) പദ്ധതിയുടെ പൊതുഭരണം, കാര്യനിർവ്വഹണം എന്നിവ സംബന്ധിച്ച മുഴുവൻ ചുമതലയും ചീഫ് എക്സിക്യൂട്ടീവിനായിരിക്കുന്നതും ബോർഡിൻെറ നയ തീരുമാനങ്ങൾക്കനുസൃതമായി കാലാകാലങ്ങളിൽ പദ്ധതിയുടെ നടത്തിപ്പിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും കൽപ്പനകളും പുറപ്പെടുവിക്കാവുന്നതും ബന്ധപ്പെട്ടവർ അവ പാലിക്കാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.

(3) ചീഫ് എക്സിക്യൂട്ടീവിൻെറ നിയന്ത്രണത്തിലും മേൽനോട്ടത്തിനും വിധേയമായി നിധിയിലേക്കുള്ള വരവുചെലവ് കണക്കുകളുടെയും പൊതുസാമ്പത്തിക ഇടപാടുകളുടെയും ചുമതലയും ഉത്തരവാദിത്വവും ഫൈനാൻസ് ഓഫീസർക്ക് ആയിരിക്കുന്നതാണ്. നിധിയുടെ വാർഷിക കണക്കുകളും വരവ് ചെലവിനെ സംബന്ധിച്ച വാർഷിക ബഡ്ജററ് എസ്ററിമേററുകളും ഫൈനാൻസ് ഓഫീസർ തയ്യാറാക്കി ചീഫ് എക്സിക്യൂട്ടീവിൻെറ അംഗീകാരത്തോടെ ബോർഡിൽ സമർപ്പിക്കേണ്ടതും എല്ലാ ധനവിനിയോഗങ്ങളും അംഗീകൃത വാർഷിക ബഡ്ജററ് മുഖേന ക്രമീകരിക്കേണ്ടതുമാണ്.

(4) ചീഫ് എക്സിക്യൂട്ടീവിൻെറ നിയന്ത്രണത്തിലും മേൽനോട്ടത്തിനും വിധേയമായി പദ്ധതി അനുസരിച്ചുള്ള ക്ഷേമ പ്രവർത്തനങ്ങളുടേയും ക്ഷേമ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷയും വേഗതയിൽ തീർപ്പ് കൽപ്പിക്കുന്നതിൻേറയും പുതിയ ക്ഷേമപരിപാടികൾ ആവിഷ്കരിക്കുന്നതിൻേറയും ചുമതലയും ഉത്തരവാദിത്വവും സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(5) ഏതെങ്കിലും ഒരു തൊഴിലാളി തെററായ വിവരം നൽകിയോ വസ്തുതകൾ മറച്ചുവച്ചോ ആണ് പദ്ധതിയിൽ അംഗത്വം നേടിയത് എന്ന് പിൽക്കാലത്ത് ചീഫ് എക്സിക്യൂട്ടീവിന് ബോദ്ധ്യപ്പെടുന്നപക്ഷം പ്രസ്തുത തൊഴിലാളിക്ക് നൽകപ്പെട്ട രജിസ്ട്രേഷനും അംഗത്വവും റദ്ദാക്കുന്നതിന് ചീഫ് എക്സിക്യൂട്ടീവിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ അന്വേഷണം നടത്തി തൊഴിലാളിക്ക് അവസരം നൽകി അപ്രകാരം അംഗത്വം റദ്ദാക്കപ്പെട്ട വ്യക്തിക്ക് പദ്ധതി അനുശാസിക്കുന്ന യാതൊരു ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.

(6) മൂന്നു വർഷത്തിനുശേഷമോ അല്ലെങ്കിൽ ഒരു ആനുകൂല്യം കാലഹരണപ്പെടുന്ന പരമാവധി അഞ്ചു വർഷമെന്ന കാലാവധിക്ക് ശേഷവും ഒരു അംഗത്തിന് അർഹതപ്പെട്ട ഏതെങ്കിലും ആനുകൂല്യങ്ങൾ അവകാശപ്പെടാതെയോ കൈപ്പററാതെയോ കിടക്കുന്നതായാൽ അതിൻമേൽ പ്രസ്തുത അംഗത്തിൻെറയും അയാളുടെ നോമിനിയുടെ അടക്കമുള്ള മററവകാശികളുടെയും അവകാശം നഷ്ടപ്പെടുന്നതും ആയത് ഈ പദ്ധതി അനുസരിച്ചുള്ള പൊതുക്ഷേമ നിധിയിലേക്ക് മുതൽക്കൂട്ടുന്നതുമാണ്.

(7) യുക്തമായ സന്ദർഭങ്ങളിൽ പദ്ധതി അനുശാസിക്കുന്ന കാര്യങ്ങളെപ്പററി വിശദീകരണം പുറപ്പെടുവിക്കാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതും സംശയമുള്ള ഏതെങ്കിലും കാര്യങ്ങളിൽ സർക്കാർ കൈക്കൊള്ളുന്ന തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

ഫോറം നമ്പർ–1

കേരള ചുമട്ടുതൊഴിലാളി (സ്കാറേറർഡ് വിഭാഗം) ക്ഷേമ പദ്ധതി 1999

[ഖണ്ഡിക 8 (1) കാണുക]

ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള അപേക്ഷ

1 തൊഴിലാളിയുടെ പേര് :

(i) ഉൾപ്പെടുന്ന റവന്യൂ താലൂക്ക് :

(ii) ഉൾപ്പെടുന്ന റവന്യൂ വില്ലേജ് :

2. പൂർണ്ണമായ മേൽവിലാസം : സ്ഥിര മേൽവിലാസം

ഇപ്പോഴത്തെ വിലാസം

3. ജനനത്തീയതി/പ്രായം (പ്രായം തെളിയിക്കുന്ന രേഖയുടെ പകർപ്പ് സാക്ഷ്യപ്പെടുത്തി ഒപ്പം ചേർക്കുക)

4. പിതാവിൻെറ/ഭർത്താവിൻെറ പേര് :

5. ആളെ തിരിച്ചറിയുന്നതിനുള്ള ശാരീരിക അടയാളങ്ങൾ

(i)

(ii)

6. സാധാരണ കയററിറക്ക് ജോലി ചെയ്യുന്ന പ്രദേശവും ജോലിയുടെ സ്വഭാവവും

7. (i) എന്നുമുതൽ കയററിറക്കു ജോലികളിൽ ഏർപ്പെട്ടിരിക്കുന്നു

(ii) അപേക്ഷാ തീയതിക്ക് പൂർത്തിയാക്കിയ സേവനകാലം (വർഷം, മാസം, ദിവസം എത്രയെന്ന് വ്യക്തമാക്കുക)

8. വിവാഹിതനാണോ ? :

ആണെങ്കിൽ ഭാര്യ/ഭർത്താവിൻെറ പേര് :

9. (i) അകാലമരണം സംഭവിക്കുന്നപക്ഷം ആനുകൂല്യങ്ങൾ നൽകപ്പെടേണ്ട അവകാശികളുടെ പേരും വിലാസവും പ്രായവും

(ii) അപേക്ഷകന് അവകാശിയുമായുള്ള ബന്ധം

10. (i) ചട്ടം 26 എ പ്രകാരം അപേക്ഷകന് ഒതൊഴിൽ വകുപ്പിൽ നിന്നും നൽകപ്പെട്ട രജിസ്ററർ നമ്പരും തീയതിയും } രജിസ്ററർ നമ്പർ :
തീയതി :

(ii) ഐഡൻറിററി കാർഡ് നൽകിയ അധികാരിയുടെ പേര് }

11. ക്ഷേമനിധിയിലേക്ക് പ്രതിമാസം അടയ്ക്കാനുദ്ദേശിക്കുന്ന അംശദായത്തുക } 20/30/40/50 രൂപ വീതം (അടയാളപ്പെടുത്തുക)

തിരഞ്ഞെടുത്ത അംശദായ തുക :
അക്കത്തിൽ ..... രൂപ

അക്ഷരത്തിൽ : ..... രൂപ മാത്രം

.... ന്റെ മകൻ/മകൾ ആയ.....

എന്ന ഞാൻ മേൽ കാണിച്ചിട്ടുള്ള വസ്തുതകളും വിവരങ്ങളും എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യസന്ധവുമാണെന്ന് ഇതിനാൽ പ്രസ്താവിച്ചുകൊള്ളുന്നു.

സ്ഥലം : (ഒപ്പ്)
തീയതി : തൊഴിലാളിയുടെ പേര്

കമ്മിററി ആഫീസ് ഉപയോഗത്തിന്

1. അപേക്ഷ ലഭിച്ച തീയതി :
2. പ്രവേശന ഫീസ് ഒടുക്കിയിട്ടുണ്ടോ :
3. അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ പേര് }
4. അന്വേഷണ റിപ്പോർട്ടിൽ അംഗത്വം ശുപാർശ ചെയ്യപ്പെട്ടോ }
5. ഉൾപ്പെടുന്ന റവന്യൂ താലൂക്കും വില്ലേജും :
6. നൽകിയ അംഗത്വ നമ്പർ :
7. തീർപ്പു കൽപ്പിച്ച തീയതി :

ചെയർമാൻ
.....കമ്മിററി.

ഫാറം നമ്പർ-2

കേരള ചുമട്ടുതൊഴിലാളി (സ്കാറേറർഡ് വിഭാഗം) ക്ഷേമ പദ്ധതി, 1999

അംഗത്വ രജിസ്ററർ

[ഖണ്ഡിക 8 (3) കാണുക]

ക്രമ നമ്പർ	തൊഴിലാളിയുടെ പേരും മേൽവിലാസവും	അപേക്ഷ ലഭിച്ച തീയതി	അനുവദിച്ച അംഗത്വ നമ്പർ	പ്രവർത്തി എടുക്കുന്ന വില്ലേജ്	അംഗത്വ ഫീസ് അടവു വിവരം — രശീതി നമ്പർ	തുക	അംഗത്തിന്റെ ഫോട്ടോ (തീയതി വെച്ച് ഫോട്ടോയിൽ ഒപ്പിടുക)
(1)	(2)	(3)	(4)	(5)	(6)		(7)

നാമിനിയുടെ പേരും മേൽവിലാസവും	പണമടവിനുള്ള ബാങ്കും ശാഖയും	പാസ്സ് ബുക്ക് നൽകിയ തീയതി	ആദ്യ വിഹിതമടവ് ചെലാൻ നമ്പർ	തീയതി	തുക	കയ്യൊപ്പുകൾ ക്ലാർക്ക്	ഹെഡ് ക്ലാർക്ക്	കൺവീനർ
(8)	(9)	(10)	(11)			(12)		

33/2291/99/V.

ഫാറം നമ്പർ 3

കേരള ചുമട്ടു തൊഴിലാളി (സ്കാറേറർഡ് വിഭാഗം) ക്ഷേമപദ്ധതി 1999

[ഖണ്ഡിക 8 (5) കാണുക]

അറിയിപ്പ്

1. താങ്കൾ ..... തീയതി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 1999-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറേറർഡ് വിഭാഗം) ക്ഷേമപദ്ധതി അനുസരിച്ച് താങ്കൾക്ക് നിധിയിൽ അംഗത്വം* നൽകിയിരിക്കുന്നു/ നിരസിച്ചിരിക്കുന്നു എന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

2. താങ്കളുടെ അംഗത്വ നമ്പർ.....ആയിരിക്കുന്നതാണ്. ക്ഷേമനിധിയിലേക്ക് വിഹിതം ഒടുക്കുന്നതിനുള്ള പാസ് ബുക്ക് (ഫാറം 4) ഇതോടൊപ്പം അയയ്ക്കുന്നു.

3. ക്ഷേമനിധിയിലേക്ക് പ്രതിമാസം 20/30/40/50 രൂപ നിരക്കിൽ താങ്കൾ വിഹിതം നൽകേണ്ടതാണ്. പ്രസ്തുത വിഹിത സംഖ്യകൾ ..... ബാങ്കിൻെറ .....ശാഖയിൽ ഓരോ മാസവും 7-ാം തീയതിക്ക് മുൻപായി 7-ാം നമ്പർ ചെലാൻ ഫാറം പൂരിപ്പിച്ച് കൃത്യമായി അടവു വരുത്തേണ്ടതും അടവുവിവരം ബാങ്കിൽനിന്നും പാസ് ബുക്കിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതുമാണ്.

4. ഇന്നേ തീയതി വരെ താങ്കൾ ക്ഷേമനിധിയിലേക്ക് നൽകേണ്ട വിഹിത സംഖ്യ .....മാസം മുതൽ മൊത്തം ..... രൂപ ആകുന്നു.

ഈ അറിയിപ്പ് തീയതി മുതൽ 10 ദിവസത്തിനകം അടവു വരുത്തേണ്ടതും നിശ്ചിത ബാങ്ക് ശാഖയിൽ സംഖ്യ അടവു വരുത്തുന്ന തീയതി മുതൽ ക്ഷേമനിധിയിലെ താങ്കളുടെ അംഗത്വം പ്രാബല്യത്തിൽ വരുന്നതുമാണ്. താങ്കൾക്ക് നൽകിയിട്ടുള്ള അംഗത്വ നമ്പർ ഈ ഓഫീസുമായോ ബോർഡുമായോ നടത്തുന്ന കത്തിടപാടുകളിലും ബാങ്ക് ചെലാനുകളിലും കൃത്യമായി കാണിച്ചിരിക്കേണ്ടതാണ്.

സ്ഥലം : ചെയർമാൻ,
തീയതി : .....കമ്മിററി.

ഓഫീസ് മുദ്ര)

(തൊഴിലാളിയുടെ പേര്, വിലാസം)

.....

.....

.....

.....

പകർപ്പ് :—ചീഫ് എക്സിക്യൂട്ടീവ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം അറിവിലേക്കായി അയയ്ക്കുന്നു.

നിർദ്ദേശക്കുറിപ്പ് :—(1) ഈ അറിയിപ്പ് കൈപ്പററി 7 ദിവസത്തിനകം പാസ് ബുക്ക് ലഭിച്ച വിവരം കമ്മിററി ചെയർമാന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(2) അംഗത്വ അപേക്ഷയെ സംബന്ധിച്ച് കമ്മിററി ചെയർമാന്റെ തീർപ്പിൽ ആക്ഷേപം ഉള്ളവർക്ക് അറിയിപ്പ് ലഭിച്ച തീയതി മുതൽ 60 ദിവസത്തിനകം കമ്മിററി മുൻപാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

* ആവശ്യമില്ലാത്തവ വെട്ടിക്കളയുക.

സ്ഥലം :

തീയതി :

(ഓഫീസ് മുദ്ര)

ഫാറം 4

കേരള ചുമട്ടു തൊഴിലാളി (സ്കാറേറർഡ് വിഭാഗം) ക്ഷേമപദ്ധതി 1999

പാസ് ബുക്ക്

[ഖണ്ഡിക 8 (3) കാണുക]

കവർ പേജ് 1

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്

.....കമ്മിററി

(മുദ്ര)

1999-ലെ
കേരള ചുമട്ടു തൊഴിലാളി (സ്കാറേറർഡ് വിഭാഗം)
ക്ഷേമപദ്ധതി

പാസ് ബുക്ക്

വിഹിതം ഒടുക്കേണ്ട ബാങ്ക് ശാഖ

.....

ഫാറം 4

കേരള ചുമട്ടു തൊഴിലാളി (സ്കാറേറർഡ് വിഭാഗം) ക്ഷേമപദ്ധതി 1999

പാസ് ബുക്ക്

[ഖണ്ഡിക 8 (3) കാണുക]

പേജ് 3

അംഗത്വ നമ്പർ | S | | | | | |

തൊഴിലാളിയുടെ പേരും .....

മേൽവിലാസവും .....

.....

ജനന തീയതി/പ്രായം

ആദ്യ വിഹിതമടവുകൾ

മാസം	തുക	ചെലാൻ നമ്പർ/ ബാങ്ക്

(അംഗത്തിന്റെ ഫോട്ടോ)

ഒന്നു മുതൽ വിഹിതം ഒടുക്കണമെന്ന്

.....മാസം മുതൽ

.....കമ്മിററി

ചെയർമാന്റെ ഒപ്പ്

തീയതി :

(ഓഫീസ് മുദ്ര)

ഫാറം 4

കേരള ചുമട്ടു തൊഴിലാളി (സ്കാറേറർഡ് വിഭാഗം) ക്ഷേമപദ്ധതി 1999

പാസ് ബുക്ക്

[ഖണ്ഡിക 8 (3) കാണുക]

കവർ പേജ് 1

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്

.....കമ്മിററി

(മുദ്ര)

1999-ലെ
കേരള ചുമട്ടു തൊഴിലാളി (സ്കാറേറർഡ് വിഭാഗം)
ക്ഷേമപദ്ധതി

പാസ് ബുക്ക്

വിഹിതം ഒടുക്കേണ്ട ബാങ്ക് ശാഖ

.....

ഫാറം 4

കേരള ചുമട്ടു തൊഴിലാളി (സ്കാറേറർഡ് വിഭാഗം) ക്ഷേമപദ്ധതി 1999

പാസ് ബുക്ക്

[ഖണ്ഡിക 8 (3) കാണുക]

പേജ് 3

അംഗത്വ നമ്പർ | S | | | | | |

തൊഴിലാളിയുടെ പേരും .....

മേൽവിലാസവും .....

.....

ജനന തീയതി/പ്രായം

ആദ്യ വിഹിതമടവുകൾ

മാസം	തുക	ചെലാൻ നമ്പർ/ ബാങ്ക്

(അംഗത്തിന്റെ ഫോട്ടോ)

ഒന്നു മുതൽ വിഹിതം ഒടുക്കണമെന്ന്

.....മാസം മുതൽ

.....കമ്മിററി

ചെയർമാന്റെ ഒപ്പ്

തീയതി :

(ഓഫീസ് മുദ്ര)

ഫോറം 4

കേരള ചുമട്ടു തൊഴിലാളി (സ്കാറേറർഡ് വിഭാഗം) ക്ഷേമപദ്ധതി 1999

പാസ് ബുക്ക്

[ഖണ്ഡിക 8 (3) കാണുക]

ഉള്ളടക്കം

മാസം	ചെലാൻ നമ്പർ/ തീയതി	വിഹിതം	അധിക വിഹിതം	ആകെ മൊത്തം	അധികൃതരുടെ ഒപ്പ്	ബാങ്ക്/ കമ്മിറ്റി

ഫാറം നമ്പർ 5

ഒറിജിനൽ

1999-ലെ

കേരള ചുമട്ടു തൊഴിലാളി (സ്കാറേറർഡ്- വിഭാഗം) ക്ഷേമപദ്ധതി

[ഖണ്ഡിക 9 (2) കാണുക]

ചെലാൻ

നിധിയിലേക്ക് വിഹിതം അടയ്ക്കുന്നതിനുള്ള ചെലാൻ

.....ബാങ്ക് .....

നമ്പർ..... തീയതി.....

തൊഴിലാളിയുടെ/ തൊഴിൽദായകന്റെ പേരും അസസ്മെന്റ് നമ്പരും *	വിഹിതം നൽകുന്ന മാസം	അക്കൗണ്ട് നമ്പർ	തൊഴിലാളി വിഹിതം/ തൊഴിൽദായകന്റെ വിഹിതം	അധിക വിഹിതം	ആകെ തുക
ആകെ തുക					

പണമടയ്ക്കുന്ന ആളിന്റെ പേരും ഒപ്പും

തുക അക്ഷരത്തിൽ.....

.....രൂപ മാത്രം കിട്ടിയിരിക്കുന്നു.

(സീൽ)

ബാങ്ക് അധികൃതരുടെ ഒപ്പ്

* തൊഴിലുടമ വിഹിതമാണ് അടയ്ക്കുന്നതെങ്കിൽ ഈ കോളത്തിൽ തൊഴിലുടമയുടെ പേരും അസസ്മെന്റ് ഓർഡർ നമ്പരും തീയതിയും കാണിക്കുക.

ഫാറം നമ്പർ 5

ഡ്യൂപ്ലിക്കേറ്റ്

1999-ലെ

കേരള ചുമട്ടു തൊഴിലാളി (സ്കാറേറർഡ് വിഭാഗം)

ക്ഷേമപദ്ധതി

[ഖണ്ഡിക 9 (2) കാണുക]

ചെലാൻ

നിധിയിലേക്ക് വിഹിതം അടയ്ക്കുന്നതിനുള്ള ചെലാൻ

.... ബാങ്ക്.....

നമ്പർ ..... തീയതി.....

തൊഴിലാളിയുടെ/ തൊഴിൽദായകന്റെ പേരും അംഗത്വ/ അസസ്മെന്റ് നമ്പരും.*	വിഹിതം നൽകുന്ന മാസം.	അക്കൗണ്ട് നമ്പർ	തൊഴിലാളി വിഹിതം/ തൊഴിൽദായകന്റെ വിഹിതം	അധിക വിഹിതം	ആകെ തുക
ആകെ തുക					

പണമടയ്ക്കുന്ന ആളിന്റെ പേരും ഒപ്പും

തുക അക്ഷരത്തിൽ.....

.....രൂപ മാത്രം

കിട്ടിയിരിക്കുന്നു.

(സീൽ)

ബാങ്ക് അധികൃതരുടെ ഒപ്പ്

* തൊഴിലുടമ വിഹിതമാണ് അടയ്ക്കുന്നതെങ്കിൽ ഈ കോളത്തിൽ തൊഴിലുടമയുടെ പേരും അസസ്മെന്റ് ഓർഡർ നമ്പരും തീയതിയും കാണിക്കുക.

ഫാറം നമ്പർ 5

[ടിപ്പിക്കേററ്

1999-ലെ

കേരള ചുമട്ടു തൊഴിലാളി (സ്കാറേറർഡ് വിഭാഗം) ക്ഷേമപദ്ധതി

[ഖണ്ഡിക 9 (2) കാണുക]

ചെലാൻ

നിധിയിലേക്ക് വിഹിതം അടയ്ക്കുന്നതിനുള്ള ചെലാൻ

.....ബാങ്ക് .....

നമ്പർ..... തീയതി.....

തൊഴിലാളിയുടെ/ തൊഴിൽദായകന്റെ പേരും അംഗത്വ/ അസസ്മെന്റ് നമ്പരും *	വിഹിതം നൽകുന്ന മാസം	അക്കൗണ്ട് നമ്പർ	തൊഴിലാളി വിഹിതം/ തൊഴിൽദായകന്റെ വിഹിതം	അധിക വിഹിതം	ആകെ തുക
ആകെ തുക					

പണമടയ്ക്കുന്ന ആളിന്റെ പേരും ഒപ്പും

തുക അക്ഷരത്തിൽ.....

.....രൂപ മാത്രം

കിട്ടിയിരിക്കുന്നു.

(സീൽ)

ബാങ്ക് അധികൃതരുടെ ഒപ്പ്

* തൊഴിലുടമ വിഹിതമാണ് അടയ്ക്കുന്നതെങ്കിൽ ഈ കോളത്തിൽ തൊഴിലുടമയുടെ പേരും അസസ്മെന്റ് ഓർഡർ നമ്പരും തീയതിയും കാണിക്കുക.

33/2291/99/V.

ഫോറം നമ്പർ 6

കേരള ചുമട്ടുതൊഴിലാളി (സ്കാറേറർഡ് വിഭാഗം) ക്ഷേമപദ്ധതി 1999

നാമനിർദ്ദേശ പത്രിക

[ഖണ്ഡിക 11 (1) കാണുക]

(എ) കുടുംബാംഗങ്ങളിൽ ഒരാളെ നാമനിർദ്ദേശം ചെയ്യുന്നതിന്

.....എന്ന പേരുള്ള ഞാൻ 1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറേറർഡ് വിഭാഗം) ക്ഷേമപദ്ധതി പ്രകാരം പ്രസ്തുത ക്ഷേമനിധിയിൽ എന്റെ പേരിൽ സഞ്ചയിക്കപ്പെട്ടതും എനിക്ക് നൽകപ്പെടാത്തതായി നിൽക്കുന്നതും എനിക്ക് അർഹതപ്പെട്ടിട്ടുള്ളതും എന്റെ പേരിൽ നിധിയിൽ വകയിരുത്തപ്പെട്ടിട്ടുള്ളതും/പെടുത്താനുള്ളതുമായ സംഖ്യ/സംഖ്യകൾ എന്റെ മരണശേഷം കൈപ്പററുന്നതിനായി, 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം വകുപ്പ് 2(എം) പ്രകാരം നിർവചിക്കപ്പെട്ടിട്ടുള്ള എന്റെ കുടുംബാംഗമായ താഴെപ്പറയുന്ന വ്യക്തിയെ ഇതിനാൽ അവകാശിയായി നാമനിർദ്ദേശം ചെയ്തുകൊള്ളുന്നു.

അവകാശിയായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തിയുടെ പേരും വിലാസവും.	അംഗത്തിന് നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആളുമായുള്ള ബന്ധം	നോമിനിയുടെ വയസ്	ഈ നാമനിർദേശം അസാധുവായി തീരുന്ന സാഹചര്യം	നാമനിർദ്ദേശകനു മുൻപായി നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തി മരണപ്പെട്ടാൽ പ്രസ്തുത അവകാശം സിദ്ധിക്കേണ്ട വ്യക്തിയുടെ പേരും വിലാസവും, നാമനിർദ്ദേശകനുമായുള്ള ബന്ധവും.
(1)	(2)	(3)	(4)	(5)

.....ാമാണ്... .....മാസം.....തീയതി.....സ്ഥലത്തു വച്ച് :

സ്ഥലം :
തീയതി :
സാക്ഷിയുടെ പേരും മേൽവിലാസവും ഒപ്പും

1.
2.

തൊഴിലാളിയുടെ ഒപ്പ് :
പേര് :
അംഗത്വ നമ്പർ :

